

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 15/11/2023

1. കൃഷിഭവന്റെ സേവനങ്ങൾ വിലയിരുത്തേണ്ടത് കർഷകരും പൊതുജനങ്ങളുമാണെന്നും ഇതിനായി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലേക്കും ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുമെന്നും കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കൃഷി ഭവനുകളിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, പ്രവർത്തനങ്ങൾ, സേവനങ്ങൾ എന്നിവ വിലയിരുത്തുന്നതിനുള്ള അവസരം പൊതു സമൂഹത്തിന് നൽകുന്നതിനും, വകുപ്പിന്റെ പ്രവർത്തനങ്ങളെ ഒരു ഗുണഭോക്താവിന്റെ ഭാഗത്തു നിന്ന് നോക്കി കാണുന്നതിനും, കൃഷി ഭവന്റെ പ്രവർത്തനങ്ങളെ കൂടുതൽ കർഷക സൗഹൃദമാക്കി മാറ്റുന്നതിനും സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നതായി മന്ത്രി അറിയിച്ചു. കൃഷിഭവന്റെ ഭരണം /കാര്യക്ഷമത, പ്രാദേശികതല വികസന പദ്ധതികളുടെ രൂപീകരണവും നടത്തിപ്പും, സംസ്ഥാനാവിഷ്കൃത/ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കൽ, കാർഷിക വിജ്ഞാന വ്യാപനവും പുതിയ സാങ്കേതിക വിദ്യകളുടെ കൈമാറ്റവും, ഭൂവിനിയോഗത്തിന്റെ സാക്ഷ്യപ്പെടുത്തലും ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കലും, കർഷകരുടെ സാമൂഹിക സുരക്ഷ, കാർഷിക യന്ത്രവൽക്കരണം, പരാതി പരിഹാരം എന്നീ കാര്യങ്ങളായിരിക്കും സോഷ്യൽ ഓഡിറ്റിന്റെ പരിധിയിൽ വരുന്ന പ്രധാന പ്രവർത്തനങ്ങൾ.

2. കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യുക എന്ന ലക്ഷ്യത്തിലൂന്നി കേരള കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ അഥവാ ഹോർട്ടികോർപ്പ്. ഹോർട്ടികോർപ്പ് എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നു പ്രഥമദൃഷ്ട്യാ തോന്നുന്ന തരത്തിൽ 'HORTICOPS എന്ന പേരിൽ ഒരു പരസ്യം നോട്ടിസുകൾ മുഖേനയും മറ്റ് ദൃശ്യമാദ്ധ്യമങ്ങൾ വഴിയും പ്രചരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വാർത്തയുമായി 'HORTICORP' എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷന് യാതൊരു ബന്ധമില്ലായെന്നും

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പൊതുജനങ്ങൾ അത്തരത്തിൽ തെറ്റിദ്ധരിച്ച് വഞ്ചിതരാകരുതെന്നും അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2359651.

3. കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് (ഐ. സി. എ. ആർ.) ദേശിയ കാർഷിക ഉന്നത പഠനപദ്ധതിയുടെ സഹായത്തോടെ നടപ്പാക്കുന്ന ആധുനിക കാർഷിക ശാസ്ത്ര സാങ്കേതിക കേന്ദ്രം(കാസ്റ്റ്)പദ്ധതിയുടെ കീഴിൽ □**തെങ്ങിൻ തടിയുടെ സംസ്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണവും**□ എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. നവംബർ 30 മുതൽ ഡിസംബർ 2 വരെ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവരിൽനിന്നും അപേക്ഷ ക്ഷണിക്കുന്നു. താമസസൗകര്യം ലഭ്യമാണ്. വിലാസം -കോ - പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ, നഹെപ് □ കാസ്റ്റ് പദ്ധതി&ഹെഡ്, ഡിപ്പാർട്മെൻറ് ഓഫ് ഫോറസ്ററ് പ്രോഡക്ട്സ് ആൻഡ് യൂട്ടിലൈസഷൻ, ഫോറസ്ട്രി കോളേജ്, വെള്ളാനിക്കര -680656. അപേക്ഷ ലഭിക്കേണ്ട അവസാന തിയതി നവംബർ 25, രജിസ്ട്രേഷൻ വിളിക്കുക, Moയ-9447770412, 9677527702 web: http://forestry.kau.in/

4. ഡിസംബർ 5 ലോകമണ്ണ് ദിനമായി ആചരിക്കുകയാണ്."മണ്ണുംവെള്ളവുംജീവന്റെഉറവിടം"(Soil and Water a source of life) എന്നതാണ് 2023വർഷത്തെ മണ്ണ് ദിനത്തിന്റെ സന്ദേശമായിഐക്യരാഷ്ട്ര സംഘടന അംഗീകരിച്ചിരിക്കുന്നത്. മായിലോകമണ്ണ് ദിനത്തോടനുബന്ധിച്ച്മണ്ണ് പര്യവേക്ഷണ മണ്ണ്സംരക്ഷണ വകുപ്പ്സ്കൂൾ, കോളേജ്വിദ്യാർത്ഥികൾക്കായിവിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. **പെയിന്റിംഗ്, ഉപന്യാസ രചന( മലയാളം, ഇംഗ്ലീഷ്)** : 21.11.2023 ന് തിരുവനന്തപുരം പാറോട്ടുകോണത്തുള്ളസംസ്ഥാന സോയിൽമ്യൂസിയത്തിൽവച്ച് സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവിദ്യാർത്ഥികൾ20.11.2023 5.00 Pmന് മുമ്പായി ഗൂഗിൾഫോം (https://forms.gle/gveDowikRXF5Kg2P8)) വഴിയോഇമെയിൽ (psc.csal@gmail.com) ഫോൺ (0471 2541776) നേരിട്ടോ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതും21.11.2023 ന് തിരുവനന്തപുരം പാറോട്ടുകോണത്തുള്ളസംസ്ഥാന സോയിൽമ്യൂസിയത്തിൽമേൽപറഞ്ഞിരിക്കുന്ന സമയത്ത്തിരിച്ചറിയൽരേഖയോടൊപ്പംഹാജരാകേണ്ടതുമാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ 2024 വർഷത്തെ പാൽകാർഡ് വിതരണം ചെയ്യുന്നതിനുള്ള അപേക്ഷ നവംബർ 16 വരെ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാല മൃഗസംരക്ഷണ മേഖലയിൽ താല്പര്യമുള്ളവർക്കായി തൊഴിൽ സാധ്യതയുള്ള വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നു. യോഗ്യത: പ്ലസ് ടു അല്ലെങ്കിൽ വി. എച്ച്. എസ്. സി. ഹൈടെക്ക് ഡയറി ഫാമിങ്, ഹൈടെക്ക് പൗൾട്ടറി ഫാമിങ്, അഡ്വാൻസ്ഡ് ഗോട്ട് റയറിങ് ടെക്നിക്സ് എന്നീ ഒരു മാസം ദൈർഘ്യമുള്ള കോഴ്സുകളും അഡ്വാൻസ്സ് ഇൻ ലൈവ്സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെന്റ് മൂന്ന് മാസം ദൈർഘ്യമുള്ള, കോഴ്സുകളിലേക്കും പ്രവേശനം ആഗ്രഹിക്കുന്നവർ നവംബർ 25 നു മുൻപായി www.kau.in എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈമാസം 18ന് രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ് പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ വെച്ച് നവംബർ 17ന് **"പഴം പച്ചക്കറി സംസ്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും"** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 04952935850, 9188223584 നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി റജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം റജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരമുണ്ടായിരിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ നവംബർ 18 ന് 'ഇറച്ചിക്കോഴിവളർത്തൽ' എന്ന വിഷയത്തിൽ കർഷകപരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ, 0494-2962296 എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

10. റബ്ബറുത്പാദനം സുസ്ഥിരമാക്കുന്നതിന് സഹായകമായ നൂതനകൃഷിരീതികളിൽ റബ്ബർബോർഡിന്റെ പരിശീലനവിഭാഗമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നവംബർ 21, 22 തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം